## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 465

27.02.2018 ൽ മറുപടിക്ക്

### ആമ്പല്ലൂർ ഇലക്ട്രോണിക് പാർക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | പിറവം നിയോജക മണ്ഡലത്തിൽ ആമ്പല്ലൂർ ഇലക്ട്രോണിക് പാർക്കിനായുള്ള സ്ഥലമേറ്റെടുപ്പ് ഏതു ഘട്ടത്തിലാണ്; വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | ഈ പദ്ധതിയ്ക്കുവേണ്ടി 100 ഏക്കർ സ്ഥലം നെഗോഷ്യേറ്റഡ് പർച്ചേസ് വ്യവസ്ഥയിൽ ഏറ്റെടുക്കുവാൻ ജില്ലാ കളക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. നെഗോഷ്യേറ്റഡ് പർച്ചേസ് വ്യവസ്ഥയിൽ ഭൂമി ഏറ്റെടുക്കുവാൻ ജില്ലാകളക്ടർ ഡി എൽ പി സി യോഗങ്ങൾ നടത്തുകയും ഭൂമിയുടെ നഷ്ടപരിഹാര വില നിശ്ചയിക്കുകയും ചെയ്തു. അന്തിമവിലയുടെ അടിസ്ഥാനത്തിൽ 15 ഭൂവുടമകളിൽ നിന്നും **15.25** ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി കരാറുണ്ടാക്കുകയും, ഭൂമി വിലയുടെ 50% തുകയായ **8.26** കോടി രൂപ ഭൂവുടമകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഡി എൽ പി സി മുന്നോട്ട് വച്ച ഭൂമി നിരക്കിനെ എസ് എൽ ഇ സി അംഗീകരിച്ചു. ഇവ കൂടാതെ മൂന്ന് വിഭാഗങ്ങളിലുള്ള ഭൂമിയുടെ നിരക്കുകൾ ഡി എൽ പി സി അന്തിമമായി തീരുമാനിക്കുകയും, എസ് എൽ ഇ സി യിൽ നിന്നും അംഗീകാരം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. |
| (ബി) | പ്രസ്തുത സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട സ്റ്റാംപ് ഡ്യൂട്ടി അടയ്ക്കുന്നത് സംബന്ധിച്ച് വിവിധ വകുപ്പുകളിൽ നിന്നുള്ള അഭിപ്രായമെന്തായിരുന്നുവെന്ന് അറിയിക്കുമോ ? | (ബി) | സ്വകാര്യ വ്യക്തികൾക്ക് സ്ഥലം രജിസ്റ്റർ ചെയ്യുന്നതിന് രജിസ്ട്രേഷൻ ചാർജ്ജും സ്റ്റാമ്പ് ഡ്യൂട്ടിയും ഇളവ് ചെയ്യണമെന്ന് കെ എസ് ഐ ഡി സി സർക്കാരിലേയ്ക്ക് അപേക്ഷിച്ചിരുന്നു. എന്നാൽ ഇങ്ങനെ ഇളവ് |

| | | | |
|---|---|---|---|
| | | | അനുവദിക്കേണ്ടിവരുകയാണെങ്കിൽ സർക്കാരിന് 9.54 കോടി രൂപ റവന്യൂ നഷ്ടം ഉണ്ടാകുമെന്ന് നികുതി വകുപ്പ് അഭിപ്രായപ്പെട്ടതിനാൽ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ചാർജ്ജും ഇളവ് അനുവദിക്കുകയുണ്ടായില്ല. |

Bindu T

**സെക്ഷൻ ഓഫീസർ**